(ഡി) മെയിന്റനൻസ് വർക്കുകൾക്ക് സർക്കാർ അനുവദിക്കുന്ന തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഡൽഹി ശാഖയിൽ നിക്ഷേപിക്കാറുണ്ടോ;

(ഇ) ഇപ്പോൾ ഈ ഇനത്തിൽ എന്തു തുക നിക്ഷേപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) അസാധാരണ സന്ദർഭങ്ങളിൽ ചെയ്യാറുണ്ട്.

(ഇ) 16,00,738 രൂപ.

തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസനത്തിന് നടപ്പിലാക്കേണ്ട കാര്യങ്ങൾ

84 [5228] ശ്രീ. കെ. മുഹമ്മദാലി:
„ സി. പി. മുഹമ്മദ്:
„ പി. ജെ. ജോയി:
„ ഡി. സുഗതൻ:
„ പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസനത്തിന് ഇനി എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കേണ്ടത്;

(ബി) വിമാനത്താവള വികസനത്തിനായി 2002-2003 വർഷത്തിൽ കേന്ദ്ര ഗവൺമെന്റ് എന്തു തുക അനുവദിച്ചുവെന്നും എന്തു തുക ചെലവാക്കിയെന്നും വിശദമാക്കുമോ;

(സി) വിമാനത്താവള വികസനത്തിന് എത്ര ഹെക്ടർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്;

(ഡി) ഈ ഭൂമി അക്വയർ ചെയ്യുന്ന നടപടി ഏതുവരെയായി എന്നും ഇതിനുള്ള കാലതാമസത്തിന് കാരണമെന്തെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ചാക്ക ഭാഗത്തായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു പുതിയ ടെർമിനൽ സ്ഥാപിക്കുക എന്നതാണ് ഏറ്റവും പ്രധാനമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 7.63 കോടി രൂപ അനുവദിക്കുകയും അതിൽ 4.42 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുള്ളതായി എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്.

(സി) ആദ്യഘട്ട വികസനത്തിനായി 27 ഏക്കർ ഭൂമിയും ദീർഘകാല വികസനത്തിനായി 120 ഏക്കർ ഭൂമിയുമാണ് ആവശ്യമായിട്ടുള്ളത്.

(ഡി) ആദ്യഘട്ട വികസനത്തിനായി 24.268 ഏക്കർ ഭൂമി ഇതിനകം അക്വയർ ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 3.275 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ദീർഘകാല വികസനത്തിന് വേണ്ടിവരുന്ന 120 ഏക്കർ ഭൂമി അക്വയർ ചെയ്യുന്നതിന്റെ വിവിധ വശങ്ങൾ പരിശോധനയിലാണ്.

കേരള ഗവൺമെന്റും മുൻ തിരുവിതാംകൂർ-കൊച്ചി ഗവൺമെന്റുകളും ഉണ്ടാക്കിയിട്ടുള്ള അന്തർസംസ്ഥാന നദീജല കരാറുകൾ

85 [5229] ശ്രീ. ലൂഡി ലൂയിസ്:
,, കെ. സി. വേണുഗോപാൽ:
,, ഇ. എം. അഗസ്തി:
ശ്രീമതി മേഴ്സി രവി:
ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗവൺമെന്റും മുൻ തിരുവിതാംകൂർ-കൊച്ചി ഗവൺമെന്റുകളും ഉണ്ടാക്കിയിട്ടുള്ള അന്തർസംസ്ഥാന നദീജല കരാറുകളുടെയും മറ്റു നദീജല കരാറുകളുടെയും കോപ്പി ലഭ്യമാക്കുമോ;

(ബി) പൊതുജനങ്ങളുടെ അറിവിനായി ഈ കരാറുകൾ പ്രസിദ്ധീകരിക്കുമോ?

ഉത്തരം

(എ) തിരുവിതാംകൂർ സർക്കാരും മദ്രാസ് സർക്കാരും തമ്മിൽ ഒപ്പുവച്ച മുല്ലപ്പെരിയാർ കരാർ, കേരളവും തമിഴ്നാടും തമ്മിൽ ഒപ്പുവച്ചിട്ടുള്ള പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ, ശിരുവാണി കുടിവെള്ള പദ്ധതി കരാർ എന്നിവയുടെ കോപ്പി ലഭ്യമാക്കാം.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

പറമ്പിക്കുളം-ആളിയാർ കരാറനുസരിച്ച് കേരളത്തിന് ലഭിക്കേണ്ട ജലം

86 [5230] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
,, വർക്കല കഹാർ:
,, ടി. വി. ചന്ദ്രമോഹൻ:
,, എൻ. ഡി. അപ്പച്ചൻ:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly